ലോക കേരള സഭ

കേരള സർക്കാർ

# ലോക കേരള സഭ 2024

## നാലാം സമ്മേളനം

2024 ജൂൺ 14, 15

നിയമസഭാ മന്ദിരം, തിരുവനന്തപുരം

# Concept Note

## പുനരധിവാസത്തിൽ പ്രവാസി ക്ഷേമനിധിയുടെ പങ്ക്

കേരളത്തിൽ പ്രാവർത്തികമാക്കപ്പെട്ട പ്രവാസി ക്ഷേമനിധി രാജ്യത്തിന് തന്നെ മാതൃകയായ പദ്ധതിയാണ്. 2008ൽ നിയമസഭ പാസ്സാക്കിയ ക്ഷേമനിധി ആക്ട് രാജ്യത്തിന് തന്നെ മാതൃകയാണ്. നിലവിൽ എട്ടുലക്ഷം പേർ ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. 52,156 പേർക്ക് നിലവിൽ പ്രതിമാസം പെൻഷൻ നൽകുന്നുണ്ട്. ഏറ്റവും ചുരുങ്ങിയ പെൻഷൻ മൂവായിരം രൂപയാണ്. ഏഴായിരം രൂപ വരെ പെൻഷൻ കൈപ്പറ്റുന്നവരുണ്ട്.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും വിവിധ ലോക രാജ്യങ്ങളിൽ പ്രവാസികൾ ജോലി ചെയ്യുന്നുണ്ടെങ്കിലും അവിടെയൊന്നും ഇത്തരത്തിലൊരു ക്ഷേമ പദ്ധതിയില്ല. കേരളത്തിന്റെ സവിശേഷമായ ഈ പ്രവാസി പുനരധിവാസ പദ്ധതി കൂടുതൽ ശാക്തീകരിക്കപ്പെടേണ്ടതുണ്ട്. പ്രതിമാസം 11 കോടി രൂപയാണ് പ്രവാസികളുടെ അംശാദായത്തിലൂടെ ലഭിക്കുന്നത്.

20 കോടി രൂപയോളം പെൻഷനു വേണ്ടി ബോർഡ് ചെലവഴിക്കുന്നു.സംസ്ഥാന സർക്കാർ ബജറ്റിൽ അനുവദിക്കുന്ന തുക പെൻഷൻകാർ വർദ്ധിക്കുന്നതിന് ആനുപാതികമായി വർദ്ധിപ്പിക്കപ്പെടേണ്ടതുണ്ട്. മറ്റ് വരുമാന സ്രോതസ്സുകൾ കൂടികണ്ടെത്താൻ കഴിയേണ്ടതുണ്ട്. പ്രവാസികൾക്ക് അവരുടെ ജീവിത സായാഹ്നത്തിൽ വലിയ അത്താണിയായി നില കൊള്ളുന്ന ക്ഷേമ ബോർഡിന്റെ സാമ്പത്തിക ഭദ്രത വളരെ പ്രധാനപ്പെട്ട ഒരു കാര്യമാകയാൽ നൂതന മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ചർച്ചകൾ ഉണ്ടാകണം.

ക്ഷേമനിധി അംഗങ്ങളായ പ്രവാസികൾക്ക് ഭവന നിർമ്മാണത്തിനും വിദ്യാഭ്യാസത്തിനും ബോർഡ് സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ട്. പ്രവാസി ക്ഷേമനിധി ബോർഡ് ആരംഭിച്ച പ്രവാസി ഡിവിഡന്റ് പദ്ധതിയും തുടർന്ന് പോകുന്നുണ്ട്. ഒരു നിശ്ചിത തുക പ്രവാസികൾ നിക്ഷേപിച്ചാൽ അവർക്ക് മൂന്നു വർഷത്തിനു ശേഷം തുടർച്ചയായി ഡിവിഡന്റ് നൽകുന്ന പദ്ധതിയാണിത്.